സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് ലഭിക്കുവാനുള്ള ക്ഷാമബത്ത

28 (1083) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

സംസ്ഥാന ജീവനക്കാർക്ക് നല്കുവാനുള്ള കുടിശ്ശിക ക്ഷാമബത്ത എന്നത്തേയ്ക്ക് നൽകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ ?

ഉത്തരം

സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക ക്ഷാമബത്ത നൽകുന്നകാര്യം താമസംവിനാ പരിഗണിക്കുന്നതാണ്.

മോട്ടോർ സൈക്കിൾ അഡ്വാൻസ്

29 (1084) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ, മോട്ടോർ സൈക്കിൾ അഡ്വാൻസിന് അപേക്ഷിച്ചിട്ടുള്ള സർക്കാർ ജീവനക്കാർക്കെല്ലാം അത് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഈ വർഷം ഇതിനായി എത്ര ജീവനക്കാർ അപേക്ഷിച്ചിട്ടുണ്ട് ;

(സി) മോട്ടോർ സൈക്കിൾ അഡ്വാൻസ് അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡം എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) ഈ വർഷം ലഭിച്ച അപേക്ഷകൾക്കെല്ലാം അഡ്വാൻസ് അനുവദിക്കുന്നതിന് ബഡ്ജറ്റിലെ തുക മതിയാകുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) 10922

(സി) മാനദണ്ഡം തീരുമാനിച്ചു വരുന്നു.

(ഡി) ഇല്ല.

മഹിളാപ്രധാൻ ഏജന്റുമാർക്ക് പെൻഷൻ

30 (1085) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഹിളാപ്രധാൻ ഏജന്റുമാർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly